# അല്ലാഹുവിന്റെ സഹായവും നബിമാരുടെ വിജയവും- 3

وَاللّٰهُ اَعْلَمُ بِاَعْدَآئِكُمْ ۚ وَكَفٰى بِاللّٰهِ وَلِيًّا ۙ وَّكَفٰى بِاللّٰهِ نَصِيْرًا

**നി**ങ്ങളുടെ ശത്രുക്കളെ സംബന്ധിച്ച് അല്ലാഹു കൂടുതൽ അറിയുന്നവനാകുന്നു. മിത്രം എന്ന നിലയ്ക്ക് അല്ലാഹു മതിയായവനാണ്; സഹായി എന്ന നിലയ്ക്കും അല്ലാഹു മതിയായവനാണ്. (*4:46*)

ഇന്ന് അല്ലാഹുവിന്റെ സഹായവും പിന്തുണയും ഉദ്ധരിച്ചുകൊണ്ട് അല്ലാഹുതആല ഇക്കാലഘട്ടത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ഏതുരീതിയിലാണ് പെരുമാറിയതെന്നതിനെ സംബന്ധിച്ച് പറയാൻ ശ്രമിക്കുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഓരോ കാൽവയ്പിലും അല്ലാഹുവിന്റെ സഹായം കാണാൻ കഴിയുന്നുണ്ട്. ഇതെല്ലാം, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് നബി(സ) തിരുമേനിയോടുള്ള സത്യസന്ധമായ സ്നേഹത്താലുണ്ടായതാണ്. അവിടന്ന് പറയുന്നു: "യഥാർത്ഥമായ തൗഹീദ് ആ നബി മുഖേനയാണ് പ്രാപിച്ചതെന്നും ജീവനുള്ള ദൈവത്തിന്റെ തിരിച്ചറിവ് ആ പരിപൂർണ്ണനായ നബിയും അദ്ദേഹത്തിന്റെ പ്രകാശവും മുഖേനയാണ് ലഭിച്ചതെന്നും അല്ലാഹുവിന്റെ ഭാഷണം കേൾക്കാനുള്ള ഭാഗ്യവും- അതുമുഖേനയാണ് നാം അവന്റെ മുഖം കാണുന്നത്- ആ മഹാനായ നബി മുഖേനയാണ് കിട്ടിയതെന്നുമുള്ള കാര്യം സമ്മതിച്ചിട്ടില്ലെങ്കിൽ ഞാൻ അനുഗ്രഹങ്ങളെ നിഷേധിക്കുന്നവനായിത്തീരും. ആ സന്മാർഗ്ഗസൂര്യന്റെ കിരണങ്ങൾ വെയിൽപോലെ എന്റെമേൽ പതിക്കുന്നു. ആ സൂര്യനുനേരെ നില്ക്കുവോളംകാലം എനിക്ക് പ്രദീപ്തമായി നിലകൊള്ളാൻ കഴിയും."

വീണ്ടും അവിടന്ന് പറയുന്നു: "ആരാണോ ഇക്കാലഘട്ടത്തിലും നബി(സ) തിരുമേനിയെ പിൻപറ്റുന്നത്, അവൻ ഖബ്റിൽനിന്ന് എഴുന്നേല്പിക്കപ്പെടുമെന്നും ഒരു ആത്മീയജീവിതം അവന് നല്കപ്പെടുമെന്നും സംശയമില്ല. ഇത് സങ്കല്പം മാത്രമല്ല, മറിച്ച്, അതിന്റെ ശരിയായ ലക്ഷണങ്ങൾ പ്രകടമാക്കുകയും ചെയ്യുന്നു. ആകാശത്തുനിന്നുള്ള സഹായങ്ങളും ദൈവികമായ അനുഗ്രഹങ്ങളും പരിശുദ്ധാത്മാവിന്റെ അമാനുഷികമായ പിന്തുണകളും അവനോടൊപ്പം ഉണ്ടാകുന്നു. അവൻ ലോകമനുഷ്യരിൽനിന്ന് വേർപ്പെട്ട് പ്രത്യേകമായ ഒരു മനുഷ്യനായിത്തീരുന്നു."

ഇക്കാലത്ത്, അല്ലാഹുവിന്റെ സഹായങ്ങളും പിന്തുണകളും ഒപ്പം ഉണ്ടായിരുന്ന ആളും ഓരോ ചുവടിലും അമാനുഷികമായ അത്ഭുതങ്ങൾ അല്ലാഹു കാണിച്ച ആ ഏകനായ വ്യക്തിയും ഹസ്റത്ത് മസീഹ് മൗഊദ്(അ) ആണ്. അല്ലാഹു തന്റെ സഹായത്തിന്റെ ഏതെതെല്ലാം കാഴ്ചകൾ കാണിച്ചിട്ടുണ്ടോ, ഇപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്നുവോ ഇതെല്ലാം നബി(സ) തിരുമേനിയെ പിൻപറ്റിയ കാരണത്താലാണെന്ന് അവിടന്ന് പറയുകയുണ്ടായിട്ടുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ)നോടും അവിടത്തെ ജമാഅത്തിനോടും തന്റെ സഹായം കാണിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. നബി(സ) തിരുമേനിയെ പിൻപറ്റുന്നിടത്തോളംകാലം, നബിയുമായി സത്യമായ ബന്ധവും സ്നേഹവും നിലനിർത്തുവോളം കാലം അല്ലാഹു ഇൻശാഅല്ലാഹ് നമുക്കും ഇതിൽനിന്ന് അനുഗ്രഹം തന്നുകൊണ്ടിരിക്കുന്നതാണ്. തന്റെ സഹായത്തിന്റെ കവാടങ്ങളും നമുക്കായി തുറക്കുന്നതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് മുആവിയ ബിൻ മുർറ(റ) തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "എന്റെ ഉമ്മത്തിലെ ഒരു സംഘം എപ്പോഴും അല്ലാഹുവിൽനിന്ന് സഹായം പ്രാപിച്ചുകൊണ്ടിരിക്കും. അവർക്ക് നഷ്ടമുണ്ടാക്കാൻ അവരെ ഉപേക്ഷിക്കുന്നവർക്ക് കഴിയുകയില്ല. എന്റെ ഉമ്മത്തിനോടുള്ള അല്ലാഹുവിന്റെ ഈ പെരുമാറ്റം ഖിയാമത്തുന്നാൾ വരെ ഉണ്ടായിരിക്കുന്നതാണ്."

ഈ സംഘം തീർച്ചയായും അവസാനകാ

ലത്തുള്ള സംഘമാണ്. അവർ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചവരാണ്. അതുകൊണ്ട് നമ്മോടൊപ്പം വരാൻ ലോകരോട് പറയേണ്ടത് ഓരോ അഹ്മദിയുടേയും കടമയാണ്. ഇതിലാണ് നന്മയുള്ളതെന്ന് അവരോട് പറയുക. ഇസ്‌ലാമിന്റെ അഭിവൃദ്ധി ഹസ്റത്ത് മസീഹ് മൗഊദ്(അ)മായി ബന്ധം സ്ഥാപിക്കുന്നതുമായിട്ടാണ് നിലകൊള്ളുന്നത്. ദുൻയാവിന്റെ ഭാവി ഈ മസീഹും മഹ്ദിയുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. അല്ലാഹുതആല മസീഹ് മഹ്ദിയോട് തന്റെ സഹായം വാഗ്ദാനം ചെയ്തിരിക്കുന്നു. ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇതിൽ വെളിപാടുവാക്കുകളുമുണ്ട്.

*"ബ ഖറാം കെഃ വഖ്ത് തു നസ്ദീക്ക് രസീത് വ പായേ മുഹമ്മദിയാ ബർ മിനാരെ ബുലൻദ് തർ മുഹക്കം ഉഫ്താദ് "*

ഇനി വെളിപ്പെടുകയും പുറത്തിറങ്ങുകയും ചെയ്യുക. നിന്റെ സമയം അടുത്തെത്തിയിരിക്കുന്നു. പടുകുഴിയിൽനിന്ന് മുഹമ്മദിയ്യ വിശ്വാസക്കാരെ പുറത്തെടുക്കുന്ന ആ സമയം ഇതാ വന്നു. ഉന്നതവും ശക്തവുമായ ഒരു മിനാരത്തിന്മേൽ അവരുടെ കാലുകൾ പതിക്കും.

പിന്നീട് പറഞ്ഞു: പരിശുദ്ധനായ മുഹമ്മദ് മുസ്തഫാ(സ) നബിമാരുടെ നേതാവാണ്. അല്ലാഹു നിന്റെ എല്ലാ ഉദ്ദേശ്യങ്ങളും സഫലമാക്കിത്തരുന്നതാണ്. സൈന്യങ്ങളുടെ റബ്ബ് ഈ ഭാഗത്തേക്ക് ശ്രദ്ധതിരിക്കുന്നതാണ്. ഈ അടയാളത്തിന്റെ ഉദ്ദേശ്യം ഇതാണ്, അതായത് വിശുദ്ധഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ വായിൽനിന്ന് പുറപ്പെട്ട കാര്യങ്ങളുമാണ്. അല്ലാഹുവിന്റെ ഔദാര്യങ്ങളുടെ കവാടം തുറന്നിരിക്കുന്നു. അവന്റെ പരിശുദ്ധമായ റഹ്മത്തുകൾ ഈ ഭാഗത്തേക്ക് ശ്രദ്ധതിരിച്ചിരിക്കുന്നു. അല്ലാഹു നിന്നെ സഹായിക്കുന്ന ആ നാളുകൾ വരുന്നു. അവൻ പ്രതാപവാനും ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവവുമാകുന്നു. ഇത് ഇംഗ്ലീഷിലുള്ള വെളിപാടാണ്. The days shall come when God shall help you. Glory be to this Lord God makes of earth and Heaven.സത്യം വന്നു, അസത്യം ഓടിമറഞ്ഞു. അസത്യം ഒരുനാൾ ഓടിമറയേണ്ടതുതന്നെയായിരുന്നു.

പറയുന്നു: നിനക്കുകിട്ടിയ എല്ലാ ഓരോ അനുഗ്രഹവും മുഹമ്മദ്(സ)ൽ നിന്നാണ്. ആ മനുഷ്യൻ വലിയ അനുഗ്രഹമുള്ളയാളാണ്. അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾ ഒരുകാലത്തും മുറിഞ്ഞുപോകുകയില്ല. ആ മനുഷ്യൻ അതായത് ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യിൽനിന്ന്, അദ്ദേഹത്തിന്റെ ഉദാരതയിൽനിന്ന് ഈ എല്ലാ അനുഗ്രഹങ്ങളും നിന്നിൽ ഇറക്കപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ ആ മനുഷ്യനിൽ, ഈ എല്ലാ അനുഗ്രഹങ്ങളും ഇറങ്ങി. അതായത് ഈ വിനീതനിൽ. (അതായത് ഹസ്റത്ത് മസീഹ് മൗഊദിൽ-അ) അവിടന്ന് പറയുന്നു, ഞാൻ കെട്ടിച്ചമച്ചു പറഞ്ഞിട്ടുണ്ടെങ്കിൽ, അല്ലാഹുവിന്റെ ഇൽഹാമിൽ നിന്നല്ല മറിച്ച് ഇക്കാര്യം സ്വയം ഉണ്ടാക്കിയതാണെങ്കിൽ അതിന്റെ നാശം എനിക്കുണ്ടായിരിക്കും. ഞാൻ ആ കുറ്റത്തിനുള്ള ശിക്ഷ കാണുകയും ചെയ്യും. എന്നാൽ, അങ്ങനെയല്ല. സത്യമായ കാര്യമിതാണ്. അല്ലാഹു ഈ റസൂലിനെ (അതായത് എന്നെ) അയച്ചിരിക്കുന്നു. അദ്ദേഹത്തോടൊപ്പം കാലത്തിന്റെ ആവശ്യമനുസരിച്ച് ഹിദായത്ത് അതായത്, വഴി കാണിക്കുന്നതും സാന്ത്വനപ്പെടുത്തുന്നതിനും ഈമാനെ ദൃഢീകരിപ്പിക്കുന്നതിനുമുള്ള ജ്ഞാനവും ശത്രുക്കളുടെമേൽ ന്യായപൂർത്തി വരുത്തുന്നതിനുള്ള അറിവും അയച്ചിരിക്കുന്നു.

അദ്ദേഹത്തിനോടൊപ്പം തിളങ്ങിക്കൊണ്ടിരിക്കുന്ന രൂപത്തിൽ ദീനിനെ അയച്ചിരിക്കുന്നു. അതിന്റെ ഫലമായി അത് സത്യമാണെന്നും അല്ലാഹുവിൽനിന്നുള്ളതാണെന്നും അവിതർക്കിതമായി മനസ്സിലായിക്കൊണ്ടിരിക്കുന്നു. അല്ലാഹു ഈ റസൂലിനെ അതായത് പരിപൂർണ്ണനായ മുജദ്ദിദിനെ അയച്ചിട്ടുള്ളത് ഇക്കാലത്ത് ഇസ്‌ലാമിനെതിരിൽ എല്ലാ മതങ്ങളും അധ്യാപനങ്ങളും ഒന്നുമല്ലാ എന്ന് സ്ഥാപിച്ചുകാണിക്കുന്നതിനായിട്ടാണ്. എല്ലാ മതങ്ങളുടേയുംമേൽ എല്ലാ ഓരോ അനുഗ്രഹങ്ങളിലും, ഈശ്വരജ്ഞാനങ്ങളിലും ദൈവികാടയാളങ്ങളിലും വിജയിച്ചുനില്ക്കുന്ന മതമാണ് ഇസ്‌ലാം മതം. ഇസ്‌ലാമിന്റെ തിളക്കം ഈ റസൂലിന്റെ കരങ്ങളാൽ എല്ലായിടത്തും കാണിക്കുക എന്നത് അല്ലാഹുവിന്റെ തീരുമാനമാണ്. അല്ലാഹുവിന്റെ തീരുമാനത്തെ മാറ്റാൻ ആരാണുള്ളത്? അല്ലാഹു മുസ്‌ലിംകളേയും അവരുടെ മതത്തേയും ഇക്കാലത്ത് മർദ്ദിക്കപ്പെട്ടതായി കണ്ടു. അങ്ങനെ അവരേയും അവരുടെ ദീനിനേയും സഹായിക്കാനും അതായത്, ആത്മീയമായനിലയിൽ ഈ ദീനിന്റെ സത്യതയും, തിളക്കവും ശക്തിയും കാണിക്കുന്നതിനും ദൈവികാടയാളങ്ങളെ അതിന്റെ മഹത്വവും യഥാർത്ഥസ്ഥിതിയും ജനഹൃദയങ്ങളിൽ പ്രകടിപ്പിക്കുന്നതിനും വേണ്ടി അദ്ദേഹം വന്നിരിക്കുന്നു. അവൻ എല്ലാ വസ്തുക്കളുടേയുംമേൽ കഴിവുറ്റവനാണ്. അവനിച്ഛിക്കുന്നത് അവൻ ചെയ്യുന്നു. (അല്ലാഹു പറഞ്ഞു) എന്റെ ശക്തിയോടും ഇച്ഛയോടുംകൂടി ഭൂമിയിൽ നടക്കു

ക. അതായത്, നിന്റെ സമയം വന്നിരിക്കുന്നുവെന്ന് ജനങ്ങളിൽ പ്രകടമാകേണ്ടതാണ്. നീ മുഖേന മുസ്‌ലിംകളുടെ കാലടിപ്പാദങ്ങൾ പ്രബലവും ഉന്ന തവുമായ ഒരു മിനാരത്തിന്റെ മുകളിൽ പതിഞ്ഞു. മുഹമ്മദ് വിജയം വരിച്ചു. പരിശുദ്ധനും പവിത്രനും നബിമാരുടെ നായകനുമായ അതേ മുഹമ്മദ്. അല്ലാഹു നിന്നോടൊപ്പമുണ്ട്. നിന്റെ എല്ലാ പ്രവൃ ത്തിയും നന്നാക്കിത്തരുന്നതാണ്. നിന്റെ എല്ലാ ഉദ്ദേ ശ്യങ്ങളും സഫലമാക്കിത്തരുന്നതാണ്. അവൻ സൈന്യങ്ങളുടെമേൽ അധികാരിയാണ്. അവൻ ആ ഭാഗത്തേക്ക് തിരിയുന്നതാണ്. അതായത്, ആകാശ ത്തുനിന്ന് നിന്നെ വലുതായി സഹായിക്കുന്നതാണ്. എല്ലാ മലക്കുകളും നിന്നെ സഹായിക്കാൻ തുടങ്ങു ന്നതാണ്. ഒരു വലിയ അടയാളം ആകാശത്തിൽനിന്ന് വെളിപ്പെടും. ഈ അടയാളംകൊണ്ട് യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത്, വിശുദ്ധഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥവും, എന്റെ വായിലൂടെ പുറത്തുവന്ന കാര്യ ങ്ങളുമാണെന്ന് ജനങ്ങൾ മനസ്സിലാക്കുക എന്നാണ്. അതായത്, ആ വചനം എന്റെ വായിൽനിന്ന് പുറപ്പെ ട്ടു. അല്ലാഹുവിന്റെ ഔദാര്യങ്ങളുടെ വാതിലുകൾ നിന്നിൽ തുറക്കപ്പെട്ടിരിക്കുന്നു. അവന്റെ പരിശുദ്ധ കാരുണ്യം നിന്നിലേക്ക് ശ്രദ്ധതിരിച്ചുകൊണ്ടിരിക്കു ന്നു. ആ നാളുകൾ വരുന്നു. അല്ല അതടുത്തെത്തി യിരിക്കുന്നു. അല്ലാഹു നിന്നെ സഹായിക്കും. പ്രതാ പവാനും ആകാശവും ഭൂമിയും സൃഷ്ടിച്ചവനുമായ അതേ അല്ലാഹു.

പറഞ്ഞു: ഈ എല്ലാ വെളിപാടുകളിലും, അല്ലാഹു എന്റെ കൈയിലൂടെ, എന്നിലൂടെതന്നെ ഇസ്‌ലാം ദീനിന്റെ സത്യതയും എല്ലാ എതിരാളിക ളുടേയും അസത്യതയും സ്ഥാപിച്ചുകാണിക്കുമെന്ന പ്രവചനമാണുള്ളത്. ഇന്ന് ആ പ്രവചനം പൂർത്തി യായി. എന്തുകൊണ്ടെന്നാൽ, എനിക്കെതിരിൽ ഒരു എതിരാളികൾക്കും തങ്ങളുടെ ദീനിന്റെ സത്യത സ്ഥാപിക്കാൻ കഴിവില്ലാതായിരിക്കുന്നു. എന്റെ കൈയാൽ ദൈവികാടയാളങ്ങൾ വെളിപ്പെട്ടുകൊണ്ടി രിക്കുന്നു. എന്റെ തൂലികയാൽ വിശുദ്ധഖുർആന്റെ യാഥാർത്ഥ്യങ്ങളും ജ്ഞാനങ്ങളും തിളങ്ങിക്കൊണ്ടി രിക്കുന്നു. എഴുന്നേല്ക്കുക, സർവ്വലോകത്തും, ക്രിസ്ത്യാനികളിലും സിക്കുകാരിലും യഹൂദികളിലും അല്ലെങ്കിൽ മറ്റേതെങ്കിലും കക്ഷികളിലും ദൈവികാ ടയാളങ്ങൾ കാണിക്കുന്നതിലും ഈശ്വരജ്ഞാനവും യാഥാർത്ഥ്യങ്ങളും വിവരിക്കുന്ന കാര്യത്തിലും എന്നെ നേരിടാൻ ആരെങ്കിലും ഉണ്ടോയെന്ന് അന്വേ ഷിക്കുക.”

അല്ലാഹു എന്നോടു പറഞ്ഞു എന്ന വാദം മാത്ര മല്ല ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റേത്. മറിച്ച്, കാ ലത്തിനോടൊപ്പം അല്ലാഹു ഈ മസീഹിനും മഹ്ദിക്കും വേണ്ടി അസംഖ്യം അടയാളങ്ങൾ കാണിച്ചിട്ടുള്ളത് നമ്മൾ കണ്ടു. അത് വളരെ തേജോവിലാസത്തോടെ ആ മഹാത്മാവിനെ പിന്തുണച്ചുകൊണ്ട് അതിന്റെ തിളക്കം കാണിച്ചുകൊണ്ടിരിക്കുന്നു. കാണിച്ചുകൊ ണ്ടിരുന്നു. അതിൽ ചിലത് ഞാൻ പറയുന്നതാണ്.

നബി(സ) തിരുമേനി പ്രവചിച്ച ഒരുടയാളമാണ് ആദ്യം പറയുന്നത്. അവിടന്ന് പറഞ്ഞു, ലോകം മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഒരടയാളം എന്റെ മഹ്ദിക്കായി വെളിപ്പെടുന്നതാണ്. ഈ അടയാളം ആകാശത്തിൽ വെളിപ്പെട്ടു. ചന്ദ്രനും സൂര്യനും ഗ്രഹ ണമുണ്ടാക്കിക്കൊണ്ട് അത് ആ മഹാത്മാവിന്റെ സഹായി എന്ന നിലയിൽ അല്ലാഹു കാണിച്ചു. ആ മഹാത്മാവിനുള്ള സഹായി എന്ന നിലയിൽ പിന്നീട് പ്ലേഗ് എന്ന അടയാളമുണ്ടായി. ഭൂകമ്പങ്ങളുടെ അട യാളവും ജ്ഞാനരംഗത്ത് അവിടത്തെ ഒരുപാട് അട യാളങ്ങളുമുണ്ട്. ഇസ്‌ലാംമത തത്വജ്ഞാനം എന്ന പ്രബന്ധം, ഖുത്ബ ഇൽഹാമിയ്യ, ഖുർആൻ വ്യാഖ്യാ നങ്ങൾ തുടങ്ങിയവ. ശത്രുക്കളുടെ ഗൂഢപദ്ധതികളെ മണ്ണോടുമണ്ണ് ചേർത്ത അടയാളങ്ങളുണ്ട്. അല്ലാഹു വിന്റെ വാഗ്ദാനമനുസരിച്ച്- സാമ്പത്തികാവശ്യ ങ്ങൾ പൂർത്തിയാക്കപ്പെട്ട അടയാളങ്ങളുണ്ട്. ജനഹൃ ദയങ്ങളെ, മനുഷ്യപ്രയത്നമൊന്നും കൂടാതെ ആ മഹാത്മാവിലേക്ക് തിരിച്ചുകൊണ്ട് അല്ലാഹു അട യാളം കാണിച്ചു. അങ്ങനെ അല്ലാഹുവിന്റെ സഹാ യവും പിന്തുണയും ഹസ്റത്ത് മസീഹ് മൗഊദ്(അ) നുണ്ടായിരുന്നുവെന്ന് അറിയിക്കുന്ന ഒരുപാട് അട യാളങ്ങളുണ്ട്. എല്ലാം വിവരിക്കുക എന്നത് പ്രയാ സകരമായ കാര്യമാണ്. അതിൽ ചിലത് ഞാൻ പറ യുന്നതാണ്.

സൂര്യഗ്രഹണത്തെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇപ്പറഞ്ഞ അടയാ ളങ്ങൾക്കു പുറമെ മറ്റൊരു അടയാളം റമസാൻ മാസ ത്തിൽ വെളിപ്പെട്ട സൂര്യചന്ദ്രഗ്രഹണമാണ്. വാഗ്ദത്ത മഹ്ദിയുടെ സത്യസാക്ഷ്യത്തിനായി, റമസാനിൽ സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടാകുന്നത് അല്ലാഹു വിൽനിന്നുള്ള ഒരടയാളമായിരിക്കുമെന്ന് 'ദാറുഖു ത്നി' എന്ന ഗ്രന്ഥത്തിൽ വ്യക്തമായും എഴുതിയി രിക്കുന്നു. ആ ഗ്രഹണമുണ്ടായി. എനിക്കു മുമ്പേ ഏതെങ്കിലും വാദി ഉണ്ടായതായോ അയാളുടെ വാദ ത്തിന്റെ നേരത്ത് റമസാനിൽ സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടായതായോ ആർക്കും സ്ഥാപിക്കാൻ

സാധ്യമല്ല. അല്ലാഹു ആകാശത്തിൽ കാണിച്ച ഈ അടയാളം വളരെ പ്രബലമായ അടയാളമാണ്. ഗ്രഹണം ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. പക്ഷേ, ദൈവത്തിൽ നിന്ന് വന്നിരിക്കുന്നു എന്ന് വാദിക്കുന്ന ഒരാളുടെ സത്യസാക്ഷ്യത്തിനായി ഒരിക്കലും ഇതുണ്ടായിട്ടില്ല.

ഈ സൂര്യചന്ദ്രഗ്രഹണ പ്രവചനത്തെക്കുറിച്ച്, അതിന്റെ ചില നിവേദകർ ബലഹീനരാണെന്ന് ചിലർ പറഞ്ഞുകൊണ്ടിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഈ ഹദീസ് ഒരു പ്രവചനം ഉൾപ്പെട്ടതായിരുന്നു. അത് അതിന്റെ സമയത്ത് പുലർന്നു. ഹദീസ് അതിന്റെ സത്യം അതുതന്നെ വെളിപ്പെടുത്തിയിരിക്കെ, അതിന്റെ സത്യതയെക്കുറിച്ച് പിന്നെ സംസാരിക്കേണ്ട ആവശ്യമെന്ത്?

വിശ്വസിക്കാനാഗ്രഹിക്കാത്തവരുടെ പക്കൽ നൂറുക്കണക്കിന് അടവുകൾ ഉണ്ടാകും. മനസ്സിൽ അത് വർദ്ധിച്ചുവരികയും ബുദ്ധിയ്ക്ക് മറ വീഴുകയും ചെയ്താൽ അല്ലാഹുവിന്റെ ഈ സഹായങ്ങളൊന്നും അവർക്ക് കാണാൻ കഴിയുകയില്ല. ഇത്തരം പ്രകൃതക്കാർ എക്കാലത്തും ഉണ്ടായിക്കൊണ്ടിരിക്കും.

ഡാക്ടർ ഡേവി മാക് ഹോട്ടൺ എന്ന ഒരു ക്രിസ്ത്യാനി ഇന്റർനെറ്റിൽ ഒരു ലേഖനമെഴുതി. Flops in the Ahmadiyya Eclips Theory അതായത്, അഹ്മദിയ്യാ ജമാഅത്തിന്റെ ഗ്രഹണസിദ്ധാന്തത്തിന്റെ പരാജയം. ഇയാൾക്കിത് സ്വന്തം അന്വേഷിക്കണമെന്ന് തോന്നിയതാണോ അല്ലെങ്കിൽ ഏതെങ്കിലും ഒരു മുസ്ലിം പറഞ്ഞതുകൊണ്ട് അന്വേഷിക്കണമെന്ന് തോന്നിയതാണോ എന്നെനിക്കറിയില്ല. കാരണം അവസാനം കൊടുത്തിരിക്കുന്ന റഫറൻസിൽ ഒരു സാഹിബ് നൽകിയ അറിവുകളും രേഖപ്പെടുത്തിയിട്ടുണ്ട്. എന്തായാലും വേണ്ടില്ല, അദ്ദേഹം സ്ഥാപിക്കാൻ ശ്രമിച്ചിട്ടുള്ളത് സൂര്യഗ്രഹണത്തിനായി നിശ്ചയിച്ചിട്ടുള്ള മദ്ധ്യപകലിൽ സൂര്യഗ്രഹണമുണ്ടാകുകയില്ലെന്നാണ്. അതുപോലെ ചന്ദ്രഗ്രഹണത്തിന് 13-ാം തിയ്യതിയാവുകയുമില്ല. 12-ാം തിയ്യതിയേ ആവുകയുള്ളുവത്രെ!

ഇത് ദീർഘമായൊരു ചർച്ചയാണ്. എന്നാൽ, ജനങ്ങളിൽനിന്ന് സഹായികളെ എഴുന്നേല്പിച്ചു നിർത്തുമെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനപ്രകാരം ഇന്ത്യയിലെ നമ്മുടെ സാലിഹ് അലാഹ്ദ്ദീൻ സാഹിബ് ഇദ്ദേഹമുയർത്തിയ ചോദ്യങ്ങൾക്ക് മറുപടി കൊടുത്തിരിക്കുന്നു. അദ്ദേഹത്തിന് തെറ്റുപറ്റിയതായി സ്ഥാപിച്ചിരിക്കുന്നു. ഖാദിയാനിൽ കണ്ട സൂര്യചന്ദ്രഗ്രഹണമുണ്ടായത് 13-ാം തിയ്യതി തന്നെയാണെന്ന് തെളിയിച്ചിരിക്കുന്നു. പക്ഷേ, യഥാർത്ഥത്തിൽ നോക്കേണ്ടകാര്യം ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ആദ്യം വാദിക്കുന്ന ആരെങ്കിലും ഉണ്ടായിരുന്നോ എന്നും പിന്നീടതിനെ ശരിവെച്ചുകൊണ്ട് നബി(സ) പ്രവചിച്ച ഈ ഗ്രഹണമുണ്ടായോ എന്നുമാണ്. ബഹുമാന്യനായ സാലിഹ് അലാഹ്ദ്ദീൻ സാഹിബിന്റെ ലേഖനം വളരെ വിജ്ഞാനപ്രദമായ ലേഖനമാണ്. അത് ഇന്റർനെറ്റിൽ വരുന്നതാണ്. ഇത് ഞാൻ പറഞ്ഞത് ഡോക്ടർ ഡേവിഡ് സാഹിബിന്റെ ലേഖനം വായിക്കുമ്പോൾ ചിലർക്ക് സംശയങ്ങളുണ്ടാകുമെന്നുള്ളതുകൊണ്ടാണ്. ഈ ഫീൽഡിലുള്ള മറ്റ് അഹ്മദികളും ഇതിനെക്കുറിച്ച് ഗവേഷണം നടത്തേണ്ടതാണ്.

'നൂറുൽ ഹഖ്' എന്ന ഗ്രന്ഥത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇത് കൂടുതൽ വിശദീകരിച്ചിട്ടുണ്ട്. അവിടന്ന് പറയുന്നു: "ചിന്തിക്കുന്നവർക്ക് ഇക്കാര്യം മറഞ്ഞതല്ല. ദാറുഖുത്നിയിൽ ഇമാം മുഹമ്മദ് ബിൻ അലി നിവേദനം ചെയ്ത ഹദീസ് അതിനെ പിന്തുണക്കുന്നു. പറഞ്ഞു: "നമ്മുടെ മഹ്ദിക്ക് രണ്ടടയാളങ്ങളാണുള്ളത്. അതൊരിക്കലും ഉണ്ടായിട്ടില്ല. അതായത്, ആകാശവും ഭൂമിയും ഉണ്ടായകാലംമുതൽ മറ്റൊരിക്കലും മറ്റൊരാൾക്ക് അടയാളമായി വെളിപ്പെട്ടിട്ടില്ല. അതിതാണ്. അതായത് റമളാന്റെ രാത്രിയുടെ ആരംഭത്തിൽ ചന്ദ്രന് ഗ്രഹണമുണ്ടാകാൻ തുടങ്ങും. അതേ മാസത്തിന്റെ ബാക്കി പകുതിയിൽ സൂര്യഗ്രഹണമുണ്ടാകും.

പ്രൊ. സാലിഹ് അലാഹ്ദ്ദീൻ സാഹിബ്, പ്രൊ. ജി.എൻ. ബാലൻ ഇവർ രണ്ടുപേരുമാണെന്ന് തോന്നുന്നു ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ സൂര്യഗ്രഹണത്തിന്റേയും ചന്ദ്രഗ്രഹണത്തിന്റേയും, എത്രയെണ്ണമുണ്ടായി, എങ്ങനെയുണ്ടായി, എപ്പോഴുണ്ടായി എന്നൊക്കെയുള്ള വിശദീകരണം നൽകിയിരിക്കുന്നു. 1894-ൽ മാത്രമാണ് ചന്ദ്രന് ഗ്രഹണം രാത്രിയുടെ ആരംഭത്തിൽതന്നെ ഉണ്ടാകാൻ തുടങ്ങിയതെന്ന് പറഞ്ഞിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. റമളാന്റെ രാത്രിയുടെ ആരംഭത്തിൽ തന്നെ ചന്ദ്രന് ചന്ദ്രഗ്രഹണമുണ്ടാകാൻ തുടങ്ങും. 1894-ൽ മാത്രമാണ് രാത്രിയുടെ ആരംഭത്തിൽ ഗ്രഹണമുണ്ടാകാൻ തുടങ്ങിയതെന്ന് ഇവർ സ്ഥാപിച്ചിരിക്കുന്നു. ബുദ്ധിയുള്ളവരും കാഴ്ചയുള്ളവരുമായ ആളുകൾക്ക് അത് അടയാളമാണെന്ന് കാണാൻ കഴിഞ്ഞു. ഹൃദയം ശുദ്ധമല്ലെങ്കിൽ, ദിവ്യാത്ഭുതങ്ങളുടെ ആധിക്യവും ഒരു ഗുണവും ചെയ്യുകയില്ല. എന്നാൽ, ആർക്കാണോ അല്ലാഹു ഹിദായത്ത് കൊടുക്കാനാഗ്രഹിക്കുന്നത്, അവർ വിദ്യാവിഹീനരും വനങ്ങളിൽ

വസിക്കുന്നവരായാൽപോലും അല്ലാഹു അവർക്ക് ഹിദായത്ത് നല്കുന്നു.

വളരെ മുമ്പത്തെ സംഭവമാണ്. 1966-ൽ ഞാൻ സർഗോദയിൽ വഖ്ഫെആർസിയിൽ പോയിരുന്നു. വളരെ ദൂരെ ഒരു ഗ്രാമത്തിൽ പോകാനിടയായി. അവിടെ അങ്ങേയറ്റം പ്രായംചെന്ന ഒരു സ്ത്രീയെ കണ്ടു. റബ്‌വയിൽനിന്ന് വന്നതാണെന്നും അഹ്മദിയാണെന്നും ഞങ്ങൾ അവരെ പരിചയപ്പെടുത്തിയപ്പോൾ താനും അഹ്മദിയാണെന്ന് അവർ പറഞ്ഞു. അവർ തുടർന്നു: "ഞങ്ങൾ അക്കാലത്ത് സൂര്യഗ്രഹണം കണ്ടിട്ട് അഹ്മദിയായതാണ്. അന്ന് ഞാൻ വളരെ ചെറുതായിരുന്നു. എന്റെ മാതാപിതാക്കൾ അക്കാലത്താണ് അഹ്മദിയായത്." ആ വനപ്രദേശത്ത് ഗ്രാമീണരും ഒന്നും പഠിച്ചിട്ടില്ലാത്തവരുമായ അവരും സൂര്യചന്ദ്രഗ്രഹണം കണ്ട് അഹ്മദിയായി. അങ്ങനെ അല്ലാഹു അതുമുഖേന അക്കാലത്ത് ഒരു പാടാളുകൾക്ക് ഹിദായത്ത് നല്കിയിരുന്നു.

ഞാൻ പറഞ്ഞതുപോലെ മസീഹ് മൗഊദ്(അ)നുവേണ്ടി ചില അടയാളങ്ങൾ ഭൂമിയിലുണ്ടായി. അതുണ്ടായിക്കൊണ്ടേയിരിക്കുന്നു. അതാണ് ഭൂകമ്പങ്ങളും പ്ലേഗും. വെളിപ്പെട്ടുക്കഴിഞ്ഞ ഒരു യാഥാർത്ഥ്യമാണിത്. അതിന്റെ എണ്ണങ്ങളും മറ്റും അതാണ് വെളിപ്പെടുത്തുന്നത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) വന്നതിനുശേഷം മുതൽ ഭൂകമ്പങ്ങളുടെ എണ്ണം വളരെ വർദ്ധിച്ചിരിക്കുന്നു. പ്ലേഗും ആ മഹാത്മാവിന്റെ കാലത്ത് വൻനാശം വിതച്ചു. ഈയിടെ കാണുന്ന എയ്ഡ്സും പ്ലേഗിന്റെ ഒരിനമാണ്. ലക്ഷക്കണക്കിനാളുകൾ ഓരോ വർഷവും ഇതുമുഖേന മരണത്തിന്റെ പിടിയിൽ അമരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. എനിക്ക് പിന്തുണ നല്കിക്കൊണ്ട് അല്ലാഹുവിന്റെ അടയാളങ്ങളുടെ ഒരു നദിതന്നെ ഒഴുകുകയാണ്. അവിടന്ന് പറഞ്ഞു. ഞാൻ ഭൂകമ്പങ്ങളെക്കുറിച്ച് പ്രവചനം ചെയ്തിരുന്നു. അത് അൽഹക്കം, അൽബദർ എന്നീ പത്രങ്ങളിൽ പ്രസിദ്ധവും ചെയ്തിരുന്നു. ഒരു ശക്തമായ ഭൂകമ്പം വരാൻപോകുന്നുവെന്നും അത് പഞ്ചാബിലെ ചില ഭാഗങ്ങൾ തകർത്തുകളയുമെന്നും. പ്രവചനത്തിന്റെ വാക്കുകളിതാണ്. ഭൂകമ്പങ്ങളുടെ ശക്തമായ തള്ളൽ. ***അഫത്തിട്ടിയാറു മുഹല്ലുഹാ വ മുഖാമുഹാ*** താല്ക്കാലിക വാസസ്ഥലങ്ങളും സ്ഥിരവാസസ്ഥലങ്ങളും ഉന്മൂലനം ചെയ്യപ്പെടും. ഈ പ്രവചനം 1905 ഏപ്രിൽ 4-ന് പുലർന്നു. പിന്നീട് അവിടന്ന് പറഞ്ഞു. ഞാൻ വേറൊരു പ്രവചനവും ചെയ്തിരുന്നു. ആ ഭൂകമ്പത്തിനുശേഷം വസന്തകാലത്ത് വീണ്ടും ഒരു ഭൂകമ്പമുണ്ടാകുമെന്ന്. ആ ദൈവിക മായ പ്രവചനത്തിലെ ഒരു വചനം ഇതാണ്. ***ഫിർ ബഹാർ ആയി, ഖുദാ കീ ബാത്ത് പൂരീ ഹുയി.*** 1906-ൽ ഫിബ്രുവരി 28-ന് ആ ഭൂകമ്പമുണ്ടായി. കോഹിസ്ഥാൻ പ്രദേശങ്ങളിൽ ഒരുപാട് ജീവനഷ്ടവും ധനനഷ്ടവുമുണ്ടായി. പറഞ്ഞു: വേറൊരു പ്രവചനവും ഞാൻ ചെയ്തിരുന്നു. അതായത്, കുറച്ചുനാൾവരെ ഭൂകമ്പങ്ങൾ തുടർച്ചയായി വന്നുകൊണ്ടിരിക്കുമെന്ന്. അവയിൽ നാലെണ്ണം വലുതായിരിക്കും. അഞ്ചാമത്തെ ഭൂകമ്പം വൻആപത്തിന്റെ മാതൃകയിലുള്ളതായിരിക്കും. ഇന്നുവരെ ഭൂകമ്പങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളുണ്ടാകാത്ത രണ്ട്മാസങ്ങൾ വളരെ കുറച്ചുമാത്രമേ കടന്നുപോകാതിരിക്കുന്നുള്ളൂ. തീർച്ചയായും ഓർമ്മിക്കേണ്ടതാണ്. ഇതിനുശേഷം വളരെ ശക്തമായ ഭൂകമ്പമുണ്ടാകാൻ പോകുന്നു. പ്രത്യേകിച്ച്, വൻആപത്തിന്റെ മാതൃകയിലുള്ള അഞ്ചാമത്തെ ഭൂകമ്പം. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ഇതെല്ലാം നിന്റെ സത്യതക്കുള്ള അടയാളമാണ്.

അവിടത്തെ കാലത്തും ഈ അടയാളം വെളിപ്പെട്ടു. ഇപ്പോൾ വീണ്ടും ആ ആപത്തുകൾ വന്നുകൊണ്ടിരിക്കുന്നത് നാം കാണുന്നു. അഹ്മദികൾ ഈ സന്ദേശം ലോകർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്. അല്ലാഹു തന്റെ മസീഹിനും മഹ്ദിക്കും വേണ്ടി ഈ അടയാളങ്ങൾ കാണിക്കുകയും ഇപ്പോഴും കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെന്ന് അവർക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്. അതുകൊണ്ട് ഇതിൽനിന്ന് രക്ഷപ്പെടാൻ ഈ സുരക്ഷിതമായ സ്ഥാനത്തേക്ക് വരികയെന്നും അവരോട് പറയുക.

ഭൂകമ്പങ്ങളേയും പ്ലേഗുകളേയും സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വാഗ്ദത്ത മസീഹിന്റെ കാലത്ത് മരണങ്ങൾ അധികമായി ഉണ്ടാകേണ്ടത് അനിവാര്യമായിരുന്നു. ഭൂകമ്പങ്ങളും പ്ലേഗുകളും വരികയെന്നത് വിധിക്കപ്പെട്ട ഒരു കാര്യമാണ്. 'മസീഹ് മൗഊദ്(അ)ന്റെ ശ്വാസംകൊണ്ട് ജനങ്ങൾ മരിക്കും.' എന്ന് പറഞ്ഞ ഹദീസിന്റെ അർത്ഥം ഇതുതന്നെയാണ്.

ഇതിൽനിന്ന് ഈ ഹദീസിൽ വാഗ്ദത്ത മസീഹിനെ ഒരു കൊലപാതകിയായി നിശ്ചയിച്ചിരിക്കുന്നുവെന്ന് കരുതരുത്. ഈ ഹദീസിന്റെ അർത്ഥം അദ്ദേഹത്തിന്റെ വാക്കുകൾ ലോകത്തിൽ പ്രചരിക്കുന്ന സ്ഥലത്തെല്ലാം അതിനെ നിഷേധിക്കുന്നവരും അതിന് എതിര് പ്രവർത്തിക്കുന്നവരും ചീത്ത പറയുന്നവരും ഉണ്ടാകുന്ന കാരണത്താൽ അവരുടെ ആ

നിഷേധം ശിക്ഷയ്ക്ക് കാരണമായിത്തീരുമെന്നാണ്. ഈ ഹദീസ് വിളിച്ചോതുന്നത് വാഗ്ദത്ത മസീഹിനെ നിഷേധിക്കുന്ന കാരണത്താൽ രാജ്യത്ത് പകർച്ചവ്യാധികളുണ്ടാകുകയും ശക്തമായ ഭൂകമ്പം വരികയും സമാധാനം നഷ്ടപ്പെടുകയും ചെയ്യുമെന്നാണ്. ഇല്ലെങ്കിൽ, നല്ലവരായ ആളുകളുടെ മേൽ പലവിധത്തിലുള്ള ശിക്ഷ ഇറങ്ങുമെന്നത് യുക്തിക്ക് നിരക്കുന്ന കാര്യമല്ല. ഇക്കാരണത്താലാണ് ആദ്യകാലത്തും അജ്ഞരായ ആളുകൾ ഓരോ നബിയേയും ലക്ഷണം കെട്ടവരായി മനസ്സിലാക്കിയത്. തങ്ങളുടെ ദുശ്ശകനം പിടിച്ച കർമ്മങ്ങൾ അവരുടെമേൽ അടിച്ചേല്പിക്കാൻ ശ്രമിച്ചത്. എന്നാൽ നബി ഒരിക്കലും ശിക്ഷ കൊണ്ടുവരുന്നില്ല എന്നതാണ് വസ്തുത. എന്നല്ല, ശിക്ഷയ്ക്ക് അർഹരാവുക എന്നുള്ളത് ന്യായപൂർത്തി വരുത്തുന്നതിനുവേണ്ടി നബിയെ കൊണ്ടുവരികയാണ് ചെയ്യുന്നത്. നബി വരാതെകണ്ട് കഠിനമായൊരു ശിക്ഷയും വരികയില്ല. വിശുദ്ധഖുർആനിൽ പറയുന്നു: ***വമാ കുന്നാ മുഅദ്ദിബീന ഹത്താ നബ്അസ റസൂലാ*** (ഒരു ദൂതനെ അയക്കുന്നതുവരെ നാം ശിക്ഷിക്കാറില്ല- 17:16)

ഒരുഭാഗത്ത് പ്ലേഗ് രാജ്യത്തെ തിന്നുന്നു. മറുഭാഗത്ത് ഭയാനകമായ ഭൂകമ്പങ്ങളും പിന്നിൽനിന്ന് വിട്ടുമാറുന്നില്ല. അശ്രദ്ധരായിട്ടുള്ളവരേ നിങ്ങളിൽ അല്ലാഹുവിൽനിന്ന് വല്ല നബിയും വന്നിട്ടുണ്ടോ എന്നും അദ്ദേഹത്തെ നിങ്ങൾ നിഷേധിച്ചുകൊണ്ടിരിക്കുകയാണോ എന്നും അന്വേഷിച്ചുനോക്കുക. നബി വരാതെ, നിങ്ങളുടമേൽ എന്തിനാണ് ഈ നാശം വന്നത്? അത് ഓരോ വർഷവും നിങ്ങളുടെ സുഹൃത്തുക്കളെ നിങ്ങളിൽനിന്ന് അകറ്റിക്കൊണ്ടിരിക്കുകയാണ്. എന്തെങ്കിലും ഉണ്ടാകാതെ ഇത് സംഭവിക്കുകയില്ല. നിങ്ങളെന്തുകൊണ്ട് അന്വേഷിക്കുന്നില്ല."

ഇക്കാലത്ത് നോക്കൂ! ഓരോ നാട്ടിലും ഭൂകമ്പങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. ആപത്തുകൾ വന്നുകൊണ്ടേയിരിക്കുന്നു. എയ്ഡ്സ് കാരണത്താൽ ജനങ്ങൾ മരിച്ചൊടുങ്ങുന്നു. അത് ലക്ഷക്കണക്കിനായിക്കഴിഞ്ഞിരിക്കുന്നു.

പിന്നീട് ഞാൻ പറഞ്ഞതുപോലെ അല്ലാഹു തആല അദ്ദേഹത്തിന് വൈജ്ഞാനികമായ പല അടയാളങ്ങളും നല്കി. ഒരു പ്രബന്ധമെഴുതിപ്പിച്ചു. അതിൽ വിശുദ്ധഖുർആന്റെ ദിവ്യാത്ഭുതങ്ങൾ അവിടന്ന് വിവരിച്ചു. അതിനെ എതിരിടാൻ ആർക്കും സാധിക്കുകയില്ലെന്ന് കാലേകൂട്ടി വിളംബരം ചെയ്തു. അത് അല്ലാഹുവിന്റെ വാഗ്ദാനമാണെന്നും പറഞ്ഞു. അല്ലാഹു തന്റെ വാഗ്ദാനം പൂർത്തീകരിച്ചുകൊണ്ട് എങ്ങനെയാണ് അദ്ദേഹത്തെ സഹായിച്ചതെന്ന് പിന്നീട് ലോകം കണ്ടു. ഈ പ്രബന്ധത്തെക്കുറിച്ച് ആദ്യമേതന്നെ അവിടന്ന് ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അത് ഇതാണ്.

**സത്യധർമ്മജിജ്ഞാസുക്കൾക്ക് സുവാർത്ത**

ലാഹോർ ടൗൺഹാളിൽ ഡിസംബർ 26, 27,28 എന്നീ തിയ്യതികളിൽ ചേരുന്ന സർവ്വമത മഹാസമ്മേളനത്തിൽ വിശുദ്ധഖുർആന്റെ മഹാത്മ്യങ്ങളേയും അത്ഭുതശക്തികളേയും പ്രതിപാദിക്കുന്ന എന്റെ ഒരു ഉപന്യാസം വായിക്കപ്പെടുന്നതാണ്. ദൈവത്തിന്റെ പ്രത്യേക സഹായത്തോടെ എഴുതപ്പെട്ടിരിക്കുന്നതും മനുഷ്യശക്തിക്ക് അതീതമായിരിക്കുന്നതുമായ ഈ ഉപന്യാസം ഒരു ദൈവികദൃഷ്ടാന്തമാകുന്നു. വിശുദ്ധഖുർആൻ ദൈവപ്രോക്തമായ ദിവ്യഗ്രന്ഥമാണെന്ന് സ്പഷ്ടമായി തെളിയിക്കുന്നതിന് പര്യാപ്തമായ തത്വരഹസ്യങ്ങളും പരമാർത്ഥജ്ഞാനങ്ങളും ക്രോഡീകരിച്ചിട്ടുള്ളതാണത്. അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന അഞ്ച് ചോദ്യങ്ങളുടേയും സമാധാനം ശ്രദ്ധിച്ചുകേൾക്കുന്ന ആരുടേയും ഹൃദയത്തിൽ നവമായ ഭക്തിവിശ്വാസവും ആത്മാവിൽ സംസ്കാരാഭയും സംജാതമാവുന്നതുമായിരിക്കും. തന്നേയുമല്ല അയാൾക്ക് ദൈവവചനത്തിന്റെ- ഖുർആന്റെ ഒരു വ്യാഖ്യാനസംഗ്രഹം കരഗതമാകുന്നതുമായിരിക്കും. എന്റെ ഈ പ്രസ്താവം നിരർത്ഥമോ മിഥ്യയോ അല്ല. ഞാൻ ഈ വിജ്ഞാപനമെഴുതി പ്രസിദ്ധം ചെയ്യാൻ പ്രേരിതനായിരിക്കുന്നത് ജനങ്ങളോടുള്ള അനുകമ്പാതിരേകത്താൽ മാത്രമാകുന്നു. അതായത്, അവർ വിശുദ്ധഖുർആന്റെ സൗന്ദര്യ മഹിമാവിലാസങ്ങൾ ദർശിക്കുമാറാകുന്നതിനും വിരോധികൾ അന്ധകാരത്തെ പ്രിയപ്പെടുകയും പ്രകാശത്തെ വെറുക്കുകയും ചെയ്യുന്നവരാണെന്ന് എല്ലാവരും അറിയുമാറാകുന്നതിനുംതന്നെ.

എന്റെ ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളേയും പ്രഭാഷണങ്ങളേയും വെല്ലുന്നതായിരിക്കുമെന്ന് സർവ്വജ്ഞനായ ദൈവം എനിക്ക് അറിവ് തന്നിരിക്കുന്നു. ഇതരമതസ്ഥർ തദവസരത്തിൽ സന്നിഹിതരായി പ്രസ്തുതോപന്യാസം ആപാദചൂഢം ശ്രദ്ധയാ കേൾക്കുന്നപക്ഷം അവർ ലജ്ജിതരാകുമാറുള്ള തരത്തിൽ സത്യത്തിന്റേയും യുക്തിപ്രദർശനത്തിന്റേയും ജ്ഞാനത്തിന്റേയും പ്രഭാവായ്പ് അതിൽ അന്തർഭവിച്ചിരിക്കുന്നതാണ്. തത്തുല്യമായ ശ്രേഷ്ഠത ക്രിസ്ത്യാനികൾക്കോ ആര്യസമാജികൾക്കോ സനാതനധർമ്മികൾക്കോ മറ്റേതെങ്കിലും മതക്കാർക്കോ തങ്ങളുടെ മതഗ്രന്ഥത്തിനുള്ളതായി തെളിയിക്കു

വാൻ സാധിക്കുകയില്ല. എന്തെന്നാൽ അന്നേദിവസം ദൈവം തന്റെ വിശുദ്ധവേദഗ്രന്ഥമായ ഖുർആന്റെ മാഹാത്മ്യം വെളിപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

ഇതിനെ സംബന്ധിച്ച് എനിക്ക് ഇപ്രകാരമൊരു ആത്മദർശനമുണ്ടായിരിക്കുന്നു. എന്റെ ഭവനത്തിന്മേൽ പരോക്ഷത്തിൽനിന്നും ഒരു കൈ വന്നുപതിക്കുകയുണ്ടായി. ആ കരസ്പർശത്തോടുകൂടി ആ മന്ദിരത്തിൽനിന്ന് കണ്ണഞ്ചിക്കുന്ന പ്രകാശധോരണി ചുറ്റും വ്യാപിച്ചു. ആ പ്രകാശം എന്റെ കരങ്ങളിലും പതിച്ചു. അപ്പോൾ എന്റെ അടുക്കൽനിന്നിരുന്ന ഒരാൾ '***അല്ലാഹു അക്ബർ ഖരിബത്ത് ഖയ്ബർ***' അല്ലാഹു ഏറ്റവും വലിയവൻ; ഖയ്ബർ നശിച്ചുപോയി എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഈ ദർശനത്തിന്റെ താല്പര്യമിതാണ്: ഭവനം എന്നതുകൊണ്ടുള്ള വിവക്ഷിതം ദിവ്യമായ വെളിപാട് അവതരിക്കുകയും, പ്രകാശമാവേശിക്കുകയും ചെയ്യുന്ന എന്റെ ഹൃദയമാകുന്നു. പ്രകാശമെന്നാൽ ഖുർആനിക ജ്ഞാനമത്രെ. അസത്യവും ധർമ്മവിരുദ്ധവുമായ സിദ്ധാന്തങ്ങളുടെ കലർപ്പോടുകൂടിയതും, മനുഷ്യന് ദൈവത്വം ആരോപിക്കുകയും ദൈവത്തിന്റെ ഗുണവിശേഷങ്ങളെ പൂർണ്ണതയുടെ സ്ഥാനത്തുനിന്ന് താഴ്ത്തുകയും ചെയ്യുന്നതുമായ സകല ദുഷിച്ച മതവിഭാഗങ്ങളേയുമാണ് 'ഖയ്ബർ' ശബ്ദം കുറിക്കുന്നത്. ഇങ്ങനെ, എന്റെ ഉപന്യാസം ധാരാളമായി പ്രചരിച്ചുകഴിയുന്നതോടുകൂടി കൃത്രിമ മതമാർഗ്ഗങ്ങളുടെ അസത്യം വെളിപെടുകയും വിശുദ്ധഖുർആന്റെ സത്യം അനുദിനം പ്രചരിച്ച് ഭൂമുഖത്തെല്ലേടവും വ്യാപിക്കുമാറാകുകയും ചെയ്യുമെന്ന് എനിക്ക് അറിവായിരിക്കുന്നു. ഒടുവിൽ ഈ ആത്മീയ ദർശനാവസ്ഥയിൽനിന്ന് ഞാൻ മറ്റൊരു അനുഭൂതിയിലേക്ക് ആനീതനാവുകയും ദൈവബോധനംകൊണ്ട് ഞാൻ അനുഗ്രഹീതനായി ഭവിക്കുകയും ചെയ്തു. എനിക്കുണ്ടായ ആ ദൈവബോധനം ഇതാണ്. ***ഇന്നല്ലാഹ മഅക്ക ഇന്നല്ലാഹ യഖൂമു അയ്നമാ ഖുംതാ*** നിശ്ചയമായും ദൈവം നിന്നോടുകൂടിയാകുന്നു. നീ നില്ക്കുന്നേടത്ത് ദൈവം നില്ക്കുന്നു. ഇത് ദൈവികസഹായത്തെക്കുറിക്കുന്ന ഒരു അലങ്കാരോക്തിയാണ്. "

അങ്ങനെ, ആ പ്രബന്ധം വായിക്കപ്പെട്ടു. സ്വന്തക്കാരും അന്യരും ഇതിന്റെ പിന്നിലുള്ള ദൈവികസഹായത്തിനും പിന്തുണക്കും സാക്ഷി പറഞ്ഞു. അതാണെങ്കിൽ വളരെ മുമ്പേതന്നെ ഹസ്റത്ത് മസീഹ് മൗഊദ്(അ) വിളംബരം ചെയ്തതാണ്.

കൽക്കത്തയിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ജനറൽ ഗോഹർ ആസ്വിഫി എന്ന പത്രമെഴുതി: ഈ ജൽസയുടെ പരിപാടിയിൽനിന്ന് സ്ഥാപിതമാവുന്നത് ഖാദിയാനിലെ റയീസായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് മാത്രമാണ് ഈ മത്സരരംഗത്ത് ഇസ്ലാമിന്റെ ഫയൽമാൻ എന്ന കടമ നിറവേറ്റിയതെന്നാണ്. ഈ സമ്മേളനത്തിൽ ഹസ്റത്ത് മിർസാ സാഹിബിന്റെ പ്രബന്ധം ഇല്ലായിരുന്നുവെങ്കിൽ ഇസ്ലാമത വിശ്വാസികൾ അന്യമതസ്ഥരുടെ മുമ്പിൽ നിന്ദിതരാകുകയും നാണം കെടുകയും ചെയ്യുമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ശക്തിമത്തായ കരങ്ങൾ പരിശുദ്ധമായ ഇസ്ലാമിനെ താഴെവീഴുന്നതിൽനിന്നും രക്ഷിച്ചു എന്നല്ല, ഈ പ്രബന്ധംകൊണ്ട് - അനുകൂലികൾ എന്തായാലും അനുകൂലികൾതന്നെ- എതിരാളികൾപോലും യഥാർത്ഥ പ്രകൃതിയുടെ ആവേശത്തള്ളിച്ചയാൽ വിളിച്ചുപറഞ്ഞു, ഈ പ്രബന്ധം എല്ലാ പ്രബന്ധത്തേക്കാളും മികച്ചതാണ്, മികച്ചതാണ്. ഇതുമാത്രമല്ല, മറിച്ച് പ്രബന്ധം വായിച്ചുതീർന്നപ്പോൾ ശത്രുക്കളുടെ നാവിൽനിന്നും 'ഇപ്പോൾ ഇസ്ലാമിന്റെ യാഥാർത്ഥ്യം പുറത്തുവന്നു. ഇസ്ലാമിന് വിജയം ലഭിച്ചു' എന്നീ വാക്യങ്ങളും വെളിപ്പെട്ടു.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിന് വളരെ മുമ്പേ അല്ലാഹുതആല വിവിധ സമയങ്ങളിൽ അദ്ദേഹത്തെ സഹായിക്കുമെന്നും പിന്തുണക്കുമെന്നും ഉറപ്പുകൊടുത്തുകൊണ്ട് ഇസ്ലാമിന്റെ വിജയമിപ്പോൾ താങ്കളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വെളിപാടിലൂടെ അറിയിച്ചു. ഇതുസംബന്ധമായി 1883 -ൽ ഉണ്ടായ ഒരു ഇൽഹാം ഇങ്ങനെയാണ്:

حَمَاكَ اللّٰهُ - نَصَرَكَ اللّٰهُ - رَفَعَ اللّٰهُ حُجَّةَ الْاِسْلَامِ - جَمَالٌ - هُوَ الَّذِیْ اَمْشَاكُمْ فِیْ كُلِّ حَالٍ

അല്ലാഹു നിന്നെ സംരക്ഷിക്കും. അല്ലാഹു നിനക്ക് സഹായം നല്കും. ഇസ്ലാമിന്റെ വാദത്തെ അല്ലാഹു അത്യുന്നതമാക്കും. ദൈവികമായ സൗന്ദര്യം. അവൻ എല്ലാ അവസ്ഥയിലും നിങ്ങളെ ശുദ്ധീകരിച്ചു.

പിന്നീടുണ്ടായ ഒരു വൈജ്ഞാനിക ദൃഷ്ടാന്തമാണ് ഖുത്ബ ഇൽഹാമിയ്യ. ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 1900 ഏപ്രിൽ 11-ന് 'ഇന്ന് നീ അറബിയിൽ പ്രസംഗിക്കുക, നിനക്ക് ശക്തി നല്കപ്പെട്ടിരിക്കുന്നു' എന്ന് എനിക്ക് ദിവ്യവെളിപാടുണ്ടായി. പിന്നീട് ഇങ്ങനേയും പറഞ്ഞു. '***കലാമുൻ ഉഫ്സ്വിഹത് മിൻല്ലദുൻ റബ്ബിൻ***

***കരീം'*** അതായത് ഈ പ്രഭാഷണത്തിൽ അല്ലാഹുവിൽനിന്ന് സാഹിത്യസമ്പുഷ്ടി നല്കപ്പെട്ടിരിക്കുന്നു.

"അങ്ങനെ, ഞാൻ പെരുന്നാൾ നമസ്കാരാനന്തരം ഈദ് ഖുത്ബ അറബിയിൽ ഓതുന്നതിനായി എഴുന്നേറ്റുനിന്നു. അദൃശ്യനിലയിൽ എനിക്കതിനുള്ള പ്രത്യേക കഴിവ് നല്കപ്പെട്ടതായി അല്ലാഹുവിന്നറിയാം. ആ ചമൽക്കാരപൂർണ്ണമായ പ്രസംഗം അറബി ഭാഷയിൽ എന്റെ വായിലൂടെ പുറപ്പെട്ടുകൊണ്ടിരുന്നത് എന്റെ കഴിവിന്നു തികച്ചും അതീതമായിരുന്നു. കുറേ അധ്യായങ്ങളോടുകൂടിയ അത്രയും സുദീർഘമായ ഒരു പ്രഭാഷണം അത്രയും സുന്ദരമായ ചമൽക്കാരങ്ങളോടും ശൈലീവിലാസങ്ങളോടും കൂടി, മുൻകൂട്ടി കടലാസ്സിൽ എഴുതി കുറിച്ചിട്ടല്ലാതെ ലോകത്താർക്കെങ്കിലും ദിവ്യവെളിപാടിന്റെ അഭാവത്തിൽ, കേൾപ്പിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. 'ഖുത്ബ ഇൽഹാമിയ്യ' എന്ന് പേർ നല്കപ്പെട്ട ഈ അറബീ പ്രസംഗം നിർവ്വഹിക്കുന്ന അവസരത്തിൽ ഏതാണ്ട് ഇരുന്നൂറിൽപരം ശ്രോതാക്കൾ ഉണ്ടായിരുന്നിരിക്കണം. '***സുബ്ഹാനല്ലാഹ്***' ആ അവസരത്തിൽ അദൃശ്യഭാഗത്തുനിന്നും ഒരു ദിവ്യപ്രവാഹം പൊട്ടിയൊഴുകുകയായിരുന്നു! ഞാൻ സംസാരിക്കുകയായിരുന്നുവോ, അതോ എന്റെ നാവിലൂടെ ഏതോ ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് സംസാരിക്കുകയായിരുന്നുവോ എന്നെനിക്കറിഞ്ഞുകൂടാ! എന്തെന്നാൽ ആ പ്രഭാഷണത്തിൽ എനിക്കൊരു കയ്യും ഇല്ലെന്ന് എനിക്ക് നിശ്ചയമുണ്ടായിരുന്നു. വാചകങ്ങൾ അങ്ങനെ എന്റെ നാവിലൂടെ അനർഗ്ഗളമായി പ്രവഹിച്ചുകൊണ്ടിരുന്നു. ആ ഓരോ വാചകവും എന്നെ സംബന്ധിച്ചിടത്തോളം ഓരോ അത്ഭുതമായിരുന്നു. ഇത് ദൈവം വെളിപ്പെടുത്തിയ ഒരു വൈജ്ഞാനിക ദൃഷ്ടാന്തമത്രെ. ഇതിനോട് കിടപിടിക്കുന്ന മറ്റൊരു സംഭവവും ആർക്കുമാർക്കും എടുത്തുകാണിക്കാൻ സാധിക്കുന്നതല്ല."

അല്ലാഹുവിന്റെ ഈ അറിയിപ്പ് വന്നുടനെ ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരുപാട് ശിഷ്യന്മാരെ ആ വിവരം അറിയിച്ചിരുന്നു. പേനയും കടലാസുമായി വരാനും പ്രസംഗം എഴുതിയെടുക്കാനും മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനോടും മൗലവി അബ്ദുൽകരീം സാഹിബിനോടും അവിടന്ന് നേരത്തെ പറഞ്ഞിരുന്നു. ഈ ഖുത്ബയ്ക്കു മുമ്പേ അവിടന്ന് ഉർദുവിൽ ഒരു ഹ്രസ്വപ്രഭാഷണവും നടത്തിയിരുന്നു. പിന്നീടാണ് അറബിയിൽ ഖുത്ബ ആരംഭിച്ചത്. അതിനെക്കുറിച്ചുള്ള റിപ്പോർട്ട് ഇങ്ങനെയാണ്. '***ഇബാദല്ലാഹ്***' എന്നു പറഞ്ഞുകൊണ്ട് അറബിയിൽ തൽക്ഷണ ഖുത്ബ ആരംഭിച്ചു. ചില വാക്യങ്ങൾ പറഞ്ഞതേയുള്ളൂ. ഇരുന്നൂറോളം വരുന്ന ശ്രോതാക്കളിൽ അത്ഭുതകരമായ ഒരു ആത്മീയലഹരിയുടെ അവസ്ഥ ഉണ്ടായി. ആ ലഹരിയിൽ എത്രമാത്രം അവർ ലയിച്ചിരുന്നുവെന്നാൽ, അത് വിവരണാതീതമാണ്. ശ്രോതാക്കളിൽ അറബി അറിയുന്നവർ വളരെ കുറച്ചേയുണ്ടായിരുന്നുള്ളൂ എങ്കിലും, എല്ലാവരും ഉത്സുകരായി കാണപ്പെട്ടു. വല്ലാത്തൊരു ആത്മീയ കാഴ്ചയായിരുന്നു അത്. 1300 വർഷത്തിനുശേഷം നബി(സ) തിരുമേനിയുടെ പരിശുദ്ധ മജ്ലിസിന്റെ ചിത്രം കണ്ണിന്റെ മുമ്പിൽ വീണ്ടും പ്രത്യക്ഷപ്പെട്ടു.

നിവേദകൻ പറയുന്നു: ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രൂപഭാവങ്ങളിൽനിന്നും വാക്കുകളിൽനിന്നും സംസാരത്തിന്റെ ഒഴുക്കിൽനിന്നും മനസ്സിലായത് ഈ ദൈവികമനുഷ്യൻ മറ്റൊരു ലോകത്തെ മനുഷ്യനാണെന്നായിരുന്നു. അദ്ദേഹത്തിന്റെ നാവിലൂടെ അർശിലെ അല്ലാഹു സംസാരിക്കുന്നതായി തോന്നി. ഖുത്ബയുടെ നേരത്ത് അവിടത്തെ അവസ്ഥയിലും ശബ്ദത്തിലും ഒരു മാറ്റം അനുഭവപ്പെട്ടിരുന്നു. ഓരോ വചനത്തിന്റേയും അവസാനം അവിടത്തെ ശബ്ദം വളരെ നേർത്തതാകുമായിരുന്നു. അവിടത്തെ കണ്ണുകൾ അടഞ്ഞിരുന്നു. മുഖം ചെമന്നിരുന്നു; അങ്ങേയറ്റം പ്രകാശമയം. വല്ല പദവും ദുർധാര്യമായിരിക്കുന്നുവെങ്കിൽ അപ്പോൾതന്നെ ചോദിച്ച് സംശയനിവർത്തി വരുത്തിക്കൊള്ളേണ്ടതാണെന്നും തനിക്കുതന്നെയും പിന്നീടത് വ്യക്തമാക്കാൻ കഴിയാതെ വന്നേക്കുമെന്നും ഹസ്റത്ത് അഹ്മദ്(അ) പ്രസംഗമദ്ധ്യേ എഴുത്തുകാരോട് നിർദ്ദേശിച്ചിരുന്നു. ഹസ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനും മൗലവി അബ്ദുൽകരീം സാഹിബിനും ചിലപ്പോൾ പദങ്ങൾ ചോദിച്ചു മനസ്സിലാക്കേണ്ടിയും വന്നിരുന്നു. ദൈവികപ്രകാശങ്ങളും അനുഗ്രഹങ്ങളും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ആ സമയത്ത് പ്രേരണ നല്കിക്കൊണ്ടിരുന്നു. ഒരു ദൈവികശക്തി ആ മഹാത്മാവിന്റെ ഉള്ളിൽ തുടിച്ചുകൊണ്ടിരുന്നു. അതിനുശേഷം അവിടന്ന് പറഞ്ഞു. ഞാനാണോ സംസാരിക്കുന്നത് അതോ എന്റെ നാവിലൂടെ മലക്കാണോ സംസാരിക്കുന്നതെന്ന് തിരിച്ചറിയാൻ എനിക്ക് സാധിച്ചില്ല. ഈ പ്രഭാഷണത്തിൽ തനിക്കൊരു പങ്കുമില്ലെന്ന് ഹസ്റത്ത് അഹ്മദ്(അ)ന് അറിയാമായിരുന്നു. കാരണം സന്ദർഭോചിതമായ വാക്കുകൾ സ്വയമേവ അവിടത്തെ നാവിലൂടെ പുറത്തുവരികയായിരുന്നു. ചില ഘട്ടങ്ങളിൽ ചില പദങ്ങളും വാചകങ്ങൾതന്നെയും തന്റെ കൺമുമ്പിൽ പ്രത്യക്ഷപ്പെടുകയും താനവ വായിച്ചുകൊണ്ടിരിക്കുകയുമാണ് ചെയ്ത

തെന്നും അവിടന്ന് പറഞ്ഞു. ഈ പരമ്പര കുറേസമയം നീണ്ടുനിന്നു. ആ ആത്മീയാവസ്ഥ മറഞ്ഞപ്പോൾ അവിടന്ന് ഖുത്ബ നിർത്തി.

ഖുത്ബ അവസാനിച്ചുടനെ ഹസ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽകോട്ടി (റ) പ്രസംഗത്തിന്റെ ഉർദു തർജമ കേൾപ്പിക്കുന്നതിനായി എഴുന്നേറ്റുനിന്നു. നിവേദകൻ എഴുതുന്നു. ഒന്ന്, ഓരോരുത്തരുടേയും വിവേചനശൈലി വിഭിന്നങ്ങളായിരിക്കും. മറ്റൊന്ന് തൽസമയ തർജമ ചെയ്യുക എന്നതും വളരെ പ്രയാസകരമാണ്. എന്നാൽ, റൂഹുൽ ഖുദ്സിന്റെ സഹായത്താൽ ഈ നിർബന്ധകാര്യവും ഹസ്റത്ത് അബ്ദുൽകരീം സാഹിബ് നല്ലവണ്ണം നിറവേറ്റി. മൗലവി സാഹിബ് തർജമ കേൾപ്പിക്കാൻ എഴുന്നേറ്റുനിന്നതേയുള്ളൂ, ഹസ്റത്ത് അഹ്മദ്(അ) ദൈവത്തിനുള്ള കൃതജ്ഞതാ സൂചകമായി 'സുജൂദ്' ചെയ്യാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. ഉടൻതന്നെ അവിടെ സന്നിഹിതരായ ശിഷ്യജനങ്ങളെല്ലാം അദ്ദേഹത്തെ പിന്തുടരുകയും കൃതജ്ഞതാസാഷ്ടാംഗത്തിൽ പങ്കുകൊള്ളുകയും ചെയ്തു. സുജൂദിൽനിന്നെഴുന്നേറ്റയുടനെ ആ ദിവ്യാത്മാവ് ഇപ്രകാരം പറഞ്ഞു: "ഇപ്പോൾ ഞാൻ ചെമന്നവാക്കുകളിൽ 'മുബാറക്' (അഭിനന്ദനങ്ങൾ) എന്ന് എഴുതപ്പെട്ടത് കണ്ടു. ഇത് പ്രാർത്ഥന സ്വീകരിക്കപ്പെട്ടതിന്റെ ഒരടയാളമാകുന്നു."

അല്ലാഹു ഹസ്റത്ത് അഹ്മദ്(അ)നെ പിന്തുണച്ചുകൊണ്ട് കാണിച്ച ചില ദൃഷ്ടാന്തങ്ങളാണ് ഞാൻ വിവരിച്ചത്. ഇനിയുമൊരുപാട് ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആദരണീയനായ അല്ലാഹുവിന്റെ തിരുസമക്ഷത്തിൽനിന്നുള്ള ഈ ദാസന്, അവന്റെതന്നെ അനുഗ്രഹവും സഹായവുംകൊണ്ട് എത്രത്തോളം അടയാളം പ്രത്യക്ഷപ്പെട്ടുവെന്നാൽ 1300 വർഷത്തിനുള്ളിലെ ഉമ്മത്തിലുള്ള അംഗങ്ങളിൽ മറ്റാരിലെങ്കിലും ഇതിന് തുല്യത അന്വേഷിക്കുന്നത് ദുഷ്കരമായ കാര്യമായിരിക്കും. ഈ ഉമ്മത്തിൽ ഖുത്ബ്, ഗൗസ്, അബ്ദാൽ എന്നീ പേരുകളിൽ വിഖ്യാതരായിട്ടുള്ളവരുടെ ജീവിതത്തിൽ ഇതിന് ഉദാഹരണം തേടിയതിനുശേഷം ഇതിനു തുല്യത കണ്ടാൽ നിങ്ങൾക്ക് ഇഷ്ടമുള്ളത് നിങ്ങൾ ചെയ്തുകൊള്ളുക. ഇല്ലെങ്കിൽ കോപാകുലനും സർവ്വശക്തനുമായ അല്ലാഹുവിനെ ഭയന്നുകൊണ്ട് അഹങ്കാരത്തിൽനിന്നും അപമര്യാദയിൽനിന്നും പിന്തിരിയുക."

അല്ലാഹു ലോകജനങ്ങൾക്ക് ബുദ്ധി നല്കുമാറാകട്ടെ. കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാൻ ഭാഗ്യം നല്കുമാറാകട്ടെ. ഹസ്റത്ത് അഹ്മദ് (അ)നെ നിന്ദിക്കുന്നതിൽനിന്ന് പിന്തിരിയുമാറാകട്ടെ. ഇല്ലെങ്കിൽ നാം നിത്യവും കണ്ടുകൊണ്ടിരിക്കുന്നതിനേക്കാൾ വലിയ കാഴ്ചകൾ അല്ലാഹുവിന് കാണിക്കാനും കഴിയും. കാരണം കോപാകുലനും സർവ്വശക്തനുമായ അല്ലാഹുവിന്റെ പിടുത്തം വളരെ കഠിനതരമാണ്. അല്ലാഹു കരുണചൊരിയുമാറാകട്ടെ.

രണ്ടാം ഖുത്ബയിൽ ഹുസൂർ പറഞ്ഞു. "പുതിയ ജൽസ ഗാഹിനുള്ള സ്ഥലം വാങ്ങിക്കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ മജ്ലിസെ ശൂറായിൽ അതിന് പേരിടുന്നതിനെക്കുറിച്ച് ചർച്ച വന്നിരുന്നു. ഖുത്ബയിൽ പറയാമെന്ന് ഞാൻ പറഞ്ഞിരുന്നു. ഒരുപാട് പേരുകൾ ലഭിച്ചിട്ടുണ്ട്. ഞാൻ ഈ ജൽസാഗാഹിന് 'ഹദീഖത്തുൽ മഹ്ദി' മഹ്ദിയുടെ പൂന്തോട്ടം എന്ന് പേരിടുകയാണ്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 30.6.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org